"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- അനധികൃത ഹാജരില്ലായ്മയിൽ ആയിരിക്കവെ 09.11.2001-ൽ മരണപ്പെട്ട ശ്രീ.കെ.സബ്ബാൻ, ഒന്നാംതരം ഓവർസിയർ-ന്റെ വിധവ ശ്രീമതി.ലൈല സബ്ബാന് സേവന പുസ്തകത്തിന്റെ അഭാവത്തിൽ മിനിമം കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1578/2023/LSGD തീയതി,തിരുവനന്തപുരം, 03-08-2023

പരാമർശം:-

1) TA No.203/2014 ഹർജിയിന്മേലുള്ള ബഹു. KAT -ന്റെ 17/10/2017 ലെ വിധിന്യായം.
2) 20.10.2018 ലെ ജി.ഒ(ആർ.റ്റി) നം.2681/2018/തസ്വഭവ
3) പഞ്ചായത്ത് ഡയറക്ടറുടെ 25.06.2021, 05.01.2023 തീയതികളിലെ PAN/6293/2020-H3(DP) നമ്പർ കത്തുകൾ.
4) ശ്രീമതി.ലൈല സാബ്ബാൻ 25.01.2023 ന് ബഹു.തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയ്ക്ക് മുമ്പാകെയും 14/02/2023-ന് ബഹു.മുഖ്യമന്ത്രിയുടെ വെബ്പോർട്ടൽ മുഖേനയും സമർപ്പിച്ച നിവേദനങ്ങൾ.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പിൽ ഒന്നാംതരം ഓവർസിയർ തസ്തികയിൽ, അനധികൃത ഹാജരില്ലായ്മയിൽ ആയിരിക്കവെ 09.11.2001-ൽ മരണപ്പെട്ട ശ്രീ.കെ.സബ്ബാന്റെ വിധവ ശ്രീമതി.ലൈല സബ്ബാൻ കുടുംബപെൻഷൻ ലഭിക്കുന്നതിനായി 2002-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും പരേതൻ അനധികൃതമായി ജോലിയ്ക്ക് ഹാജരായില്ല എന്ന കാരണത്താൽ പ്രസ്തുത അപേക്ഷ നിരസിക്കപ്പെട്ടിരുന്നു.

2) 2017-ൽ ആശ്രിതർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. ലൈലാ സബ്ബാൻ ഫയൽ ചെയ്ത TA No.203/2014 ഹർജിയിന്മേലുള്ള, പരാമർശം 1 പ്രകാരമുള്ള വിധിന്യായത്തിൽ , സബ്ബാൻ കെ. ക്ക് എതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, ടിയാന്റെ കേസ്, സർവീസിലിരുന്ന് മരണപ്പെടുന്ന വ്യക്തികളുടേതിന് സമാനമായി കണക്കാക്കി, മരണപ്പെട്ട വ്യക്തിയുടെ ആശ്രിതരെ പെൻഷൻ, ആശ്രിതനിയമനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് പരിഗണിക്കണം എന്ന് ഉത്തരവായിരുന്നു. തുടർന്ന് ആശ്രിതർക്ക് പെൻഷൻ അനുവദിക്കുന്നതിനും, സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനും ആശ്രിതരിൽ നിന്ന് അപേക്ഷ

ലഭിക്കുന്ന പക്ഷം ആയവ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3) പരാമർശം (2) പ്രകാരം കുടുംബപെൻഷൻ നൽകാൻ സർക്കാർ ഉത്തരവായെങ്കിലും സബ്ബാന്റെ സേവനപുസ്തകം കാണാനില്ലെന്നും, ആയതിനാൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച് സേവനപുസ്തകത്തിന്റെ അഭാവത്തിൽ തന്നെ സബ്ബാന്റെ ഭാര്യക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സബ്ബാന്റെ സേവന പുസ്തകമോ മറ്റ് അനുബന്ധരേഖകളോ വിശദമായ പരിശോധനയ്ക്ക് ശേഷവും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, സേവന പുസ്തകം നഷ്ടപ്പെട്ട് വർഷങ്ങൾ കഴിഞ്ഞിട്ടുള്ളതിനാലും ആയത് എവിടെ വച്ചാണ് നഷ്ടപ്പെട്ടത് എന്ന് കൃത്യമായി അറിയാൻ സാധിക്കാത്തതിനാലും, സേവന പുസ്തകം സൂക്ഷിച്ചിരുന്ന കാലയളവിലെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ ആരെന്നോ; ആയവർ ഇപ്പോഴും സേവനത്തിൽ ഉണ്ടോയെന്നും വ്യക്തമാകാത്ത സാഹചര്യത്തിലും, സേവന പുസ്തകം നഷ്ടപ്പെട്ടതിനു കാരണക്കാരനായ ജീവനക്കാരൻ/ജീവനക്കാരിയ്ക്ക് എതിരെ അച്ചടക്കനടപടി സ്വീകരിക്കാനാകാത്ത സാഹചര്യമാണ് നിലവിലുള്ളതെന്ന് സർക്കാർ കണ്ടെത്തുകയുണ്ടായി. കൂടാതെ, സബ്ബാന്റെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുകയും, അവരുടേതല്ലാത്ത കാരണത്താൽ ആയത് നിഷേധിക്കുകയും ചെയ്യുന്നത് ഒട്ടും ആശാസ്യകരമായ നടപടിയല്ലാത്തതിനാലും, സബ്ബാൻ.കെ -യുടെ കുടുംബത്തിന്റെ നിലവിലെ പരാധീനത കണക്കിലെടുത്തും, സേവന പുസ്തകത്തിന്റെ അഭാവത്തിൽ തന്നെ സബ്ബാന്റെ ആശ്രിതർക്ക് കുടുംബ പെൻഷൻ അനുവദിക്കാവുന്നതാണെന്നും കാണുന്നു.

5) മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത്, തദ്ദേശസ്വയംഭരണ വകുപ്പിൽ, ഒന്നാംതരം ഓവർസിയർ തസ്തികയിൽ, അനധികൃത ഹാജരില്ലായ്മയിൽ ആയിരിക്കവെ 09.11.2001-ന് മരണപ്പെട്ട ശ്രീ.കെ.സബ്ബാന്റെ വിധവ ശ്രീമതി.ലൈല സബ്ബാന് രേഖകളുടെ (സേവന പുസ്തകം) അഭാവത്തിൽ മിനിമം കുടുംബ പെൻഷനായ 11,500/- രൂപ (പതിനൊന്നായിരത്തി അഞ്ഞൂറ് രൂപ), ടിയാരി കുടുംബപെൻഷനായി അപേക്ഷ സമർപ്പിച്ച 29.06.2020 തീയതി പ്രാബല്യത്തിൽ, സ്പെഷ്യൽ കേസായി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീമതി.ലൈല സബ്ബാൻ, W/o (late) കെ.സബ്ബാൻ, മുസ്ലീം സ്ട്രീറ്റ്, കൊട്ടാരക്കര
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, സ്വരാജ് ഭവൻ, നന്ദൻകോട്, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
5. ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, കൊട്ടാരക്കര.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. ധനകാര്യ വകുപ്പ്( 15.07.2023 ലെ E-1310791/Dev-3(WW1)/137/2019-Fin പ്രകാരം)
8. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.p
സെക്ഷൻ ഓഫീസർ
Date: 04-08-2023 10:37:22